തെരഞ്ഞെടുപ്പ് വിശകലനം

# സ്ഥാനം + അർഥം = സ്ഥാനാർഥി

ഇനാമുറഹ്മാൻ

**എന്തൊക്കെയാണ്** സ്ഥാനാർഥിയാകാനുള്ള മിനിമം യോഗ്യതകൾ? ഈ ചോദ്യത്തിന് ഒറ്റവാക്കിൽ ഉത്തരം എഴുതുക ഒരു യോഗ്യതയും വേണ്ട എന്നായിരിക്കും. കുറച്ചുകൂടി വിശദമായി എഴുതിയാൽ പ്രധാന യോഗ്യതകൾ താഴെ പറയുന്നവയായിരിക്കും. നേതാവിൻെറ മകൻ അല്ലെങ്കിൽ മകൾ, സ്വന്തക്കാരൻ, വിധേയൻ, വോട്ടുബാങ്കായ ഏതെങ്കിലും സമുദായത്തിന്റെ പ്രതിനിധി, ഗുണ്ടാതലവൻ, ക്രിമിനൽ പശ്ചാത്തലമുള്ളവൻ, പാർട്ടി ആസ്ഥാനത്തോ നേതാക്കളുടെ അടുക്കളപ്പുറത്തോ ആളും അർഥവും കാഴ്ചവെക്കുന്നവൻ...ഇതൊക്കെയാണ് സ്ഥാനാർഥികളാവാനുള്ള യോഗ്യതയുടെ അളവുകോൽ. പതിനഞ്ചാം ലോക്സഭയിലേക്ക് ഇതുവരെ പ്രഖ്യാപിക്കപ്പെട്ട സ്ഥാനാർഥികളുടെ പട്ടിക പരിശോധിച്ചാൽ മേൽപ്പറഞ്ഞ യോഗ്യതയുള്ളവരാണ് നമ്മുടെ വോട്ടുവാങ്ങാൻ കുപ്പായമിട്ടു നിൽക്കുന്നവരിൽ ഭൂരിഭാഗവുമെന്ന് തിരിച്ചറിയാൻ ഏറെയൊന്നും മെനക്കെടേണ്ടതില്ല. 543 സീറ്റുകളിലേക്ക് ഇതിനകം പ്രഖ്യാപിച്ച സ്ഥാനാർഥികളിൽ 64 പേർ ക്രിമിനൽ പശ്ചാത്തലമുള്ളവരാണ് എന്നറിയുക. കുപ്രസിദ്ധ കുറ്റവാളികളും ഗുണ്ടാ തലവൻമാരും തെരഞ്ഞെടുപ്പിൽ ജയിച്ചു വരുന്നത് നമ്മുടെ രാജ്യത്ത് പുതുമയല്ല. കൊലപാതക കേസിൽ ജീവപര്യന്തം ശിക്ഷ വിധിക്കപ്പെട്ട് സഭ നടക്കുമ്പോൾ ജയിൽ വാഹനത്തിൽ വന്നിറങ്ങി നടപടികളിൽ പങ്കെടുത്തിരുന്ന ആർ.ജെ.ഡിയുടെ പപ്പു യാദവാണ് ഇക്കൂട്ടത്തിൽ തലയെടുപ്പുള്ളയാൾ. കൊലപാതകം, വധശ്രമം, മാരകായുധം കൈവശം വെക്കൽ, ക്രിമിനൽ ഗൂഢാലോചന തുടങ്ങിയ വമ്പൻ കുറ്റങ്ങളിൽ പ്രതിചേർക്കപ്പെട്ടവരാണ് നിലവിലുള്ളവരിൽ പലരും. പുതിയ സ്ഥാനാർഥി പട്ടികയും ഇതിൽ നിന്നു ഭിന്നമല്ല. ഒട്ടുമിക്ക സംസ്ഥാനങ്ങളിലും എല്ലാ പാർട്ടികളിലും സ്ഥാനാർഥി പട്ടികയിൽ ക്രിമിനലുകളുണ്ട്. ക്രിമിനൽ കേസിൽ കുടുങ്ങിയ സ്ഥാനാർഥികളെ നിർത്തുന്നതിൽ ദോഷം പറയരുതല്ലോ, കോൺഗ്രസും ബി.ജെ.പിയും എ.സ്.പിയും ബി.എസ്.പിയും ആർ.ജെ.ഡിയും ജെ.ഡി.യുവും ബി.ജെ.ഡിയും എൻ.സി.പിയും ഇടതുപാർട്ടികളുമെല്ലാം 'മതേതര' കാഴ്ചപ്പാടു വെച്ചുപുലർത്തുന്നവരാണ്.

ക്രിമിനലുകളെ മാറ്റിനിർത്തിയാൽ ബാക്കിയുള്ളവരുടെ സ്ഥിതിയെന്താണ്? ഏതാണ്ട് നൂറോളം സ്ഥാനാർഥികൾ മക്കൾ രാഷ്ട്രീയത്തിന്റെയോ സ്വജനപക്ഷപാതത്തിന്റെയോ പിൻബലത്തിൽ പട്ടികയിൽ കയറിക്കൂടിയവരാണ്. രാഹുൽഗാന്ധി, വരുൺ ഗാന്ധി, സചിൻ പൈലറ്റ്, മിലിന്ദ് ദേവര, ജ്യോതിരാദിത്യ സിന്ധ്യ, സുഖ്ബീർ സിംഗ് ബാദൽ, രജ്ബീർ സിംഗ്, അൻപുമണി രാംദാസ്, ദയാനിധി മാരൻ, കെ. മുരളീധരൻ തുടങ്ങി പ്രമുഖരുടെ മക്കൾപ്പട തന്നെയുണ്ട് ഇത്തവണ മൽസര രംഗത്ത്. ഇവരുടെ അത്ര പ്രമുഖരല്ലെങ്കിലും രാഷ്ട്രീയ നേതാക്കളുടെയും മുൻ എം.പി, എം.എൽ.എമാരുടെയും മക്കളും രംഗത്തുണ്ട്. കേരളത്തിൽ മുരളിയെ കൂടാതെ നാലുപേരാണ് മക്കൾ പെരുമയുമായി മൽസരിക്കുന്നത്. ആറ്റിങ്ങലിൽ മുൻ എം.പി അനിരുദ്ധൻെറ മകൻ എ. സമ്പത്ത്, കോട്ടയത്ത് മാണിയുടെ മകൻ ജോസ് കെ. മാണി, ഇടുക്കിയിൽ മുൻമന്ത്രി കെ.എം. ജോർജിന്റെ മകൻ ഫ്രാൻസിസ് ജോർജ്, മാവേലിക്കരയിൽ മുൻമന്ത്രിയും സി.പി.ഐ നേതാവുമായ പി.കെ. രാഘവന്റെ മകൻ ആർ.എസ്. അനിൽകുമാർ എന്നിവരാണ് ഈ ഗണത്തിൽ പെടുന്നവർ. പരസ്പരം കുറ്റപ്പെടുത്താൻ ഇക്കാര്യത്തിലും പാർട്ടികൾക്കാവില്ല.

ഇതിലൊന്നും പെടാത്ത മറ്റൊരു കൂട്ടരുണ്ട്. പാർട്ടി ആസ്ഥാനങ്ങളിലും നേതാക്കളുടെ അടുക്കളപ്പുറത്തും ആളും അർഥവും നൽകി സീറ്റു തരപ്പെടുത്തിയെടുക്കുന്ന വിരുതൻമാർ എന്ന് വേണമെങ്കിൽ നമുക്കവരെ വിളിക്കാം. നേതാക്ക

ളും പാർട്ടിയുമൊക്കെ ഇക്കൂട്ടർക്ക് പുല്ലാണ്. എല്ലാവരെയും അമ്പരപ്പിച്ച് അവർ സ്ഥാനാർഥികളായുണ്ടാവും. തോൽവിയും ജയവുമൊന്നും ഇവർക്ക് പ്രശ്നമല്ല. കേരളത്തിൽ കെ.വി തോമസിനെ ന്യായമായും ഈ ഗണത്തിൽ പെടുത്താം. കോൺഗ്രസ് പട്ടികയിൽ എറണാകുളത്ത് സ്ഥാനാർഥിയാകുമെന്ന് ഏറക്കുറെ എല്ലാവരും കവടിനിരത്തി പറഞ്ഞത് യുവനേതാവ് ഹൈബി ഈഡന്റെ പേരായിരുന്നു. എന്നാൽ ലിസ്റ്റ് വന്നപ്പോൾ ഹൈബി ഔട്ട്, തോമസ് മാഷ് ഇൻ. അതാണ് തോമസ് മാഷ്. അദ്ദേഹത്തിനു മാത്രം അറിയാവുന്ന കളികളിൽ ഉമ്മൻചാണ്ടിയും ചെന്നിത്തലയും കേരളത്തിലെ മുഴുവൻ കോൺഗ്രസ് നേതാക്കളും ക്ലീൻ ബൗൾഡായി. ഇത്തരത്തിൽ ടിക്കറ്റു നേടിയത് ഒരു തോമസ് മാഷ് മാത്രമാണെന്ന് ധരിക്കരുത്. ഇക്കാര്യത്തിലുമില്ല പാർട്ടി ഭേദം. മോഡിയുടെ സ്വന്തം ഗുജറാത്തിൽ ഇതിലും വലിയ അദ്ഭുതമാണ് നടന്നത്. തനിക്കെതിരെ ശബ്ദിച്ചവരെയെല്ലാം വെട്ടി ഒഴിവാക്കിയാണ് മോഡി കേന്ദ്ര നേതാക്കൾക്ക് പട്ടിക നൽകിയത്. എന്നാൽ അന്തിമ പട്ടിക പുറത്തുവന്നപ്പോൾ സാക്ഷാൽ മോഡി തന്നെ ഞെട്ടി. തനിക്കെതിരെ പരസ്യമായി രംഗത്തുവരികയും എന്തുവന്നാലും സ്ഥാനാർഥി പട്ടികയിലുണ്ടാവുമെന്ന് വെല്ലുവിളിക്കുകയും ചെയ്ത ഹരിൻ പഥക്കിന്റെ പേര് തന്റെ മേശപ്പുറത്തിരിക്കുന്ന പട്ടികയിൽ മോഡിക്കു കാണേണ്ടി വന്നു. ദൽഹിയിൽ നടന്ന ബി.ജെ.പി കേന്ദ്ര തെരഞ്ഞെടുപ്പു സമിതിയുടെ യോഗത്തിൽ ഹരിൻ പഥകിന്റെ പേര് പ്രഖ്യാപിച്ചപ്പോൾ അദ്ദേഹം ശക്തമായി പ്രതിഷേധിച്ചു നോക്കി. എന്നാൽ അദ്വാനിയും രാജ്നാഥ് സിംഗും ഉറച്ചു നിന്നതോടെ നിസ്സഹായനായി നിൽക്കാനേ മോഡിക്കുപോലും കഴിഞ്ഞുള്ളൂ. പലതവണ എം.പിയായ ഹരിൻ പഥകിന്റെ സ്വാധീനത്തിനും പണത്തിനും മുകളിൽ മോഡിക്കും പറക്കാനായില്ല. ഇത്തരത്തിൽ പണമെറിഞ്ഞ് പട്ടികയിൽ ഇടം നേടിയവർ ധാരാളമുണ്ട്. 25 ലക്ഷം മുതൽ കോടികളാണ് സീറ്റിന്റെ വില. മടിശ്ശീലയുടെ ബലത്തിൽ പാർട്ടി ആസ്ഥാനത്തെത്തി ടിക്കറ്റുമായി മടങ്ങുക എന്നതാണ് ഇവരുടെ രീതി.

പാർട്ടിയുടെ രഹസ്യ അജണ്ടകൾ നടപ്പാക്കാൻ കെൽപ്പുള്ളവരെ കണ്ടെത്തി വോട്ടർമാരുടെ മുകളിലേക്ക് അവരെ കെട്ടിയിറക്കുന്ന പതിവു കലാപരിപാടി ഇത്തവണയും അരങ്ങേറിയിട്ടുണ്ട്. ഇക്കാര്യത്തിൽ കോൺഗ്രസാണ് ഒരു പടി മുന്നിൽ. അമേരിക്കൻ വിധേയത്വം ഇതിനകം തെളിയിക്കുകയും ദേശീയ ഗാനം പാടുമ്പോൾ പോലും അമേരിക്കക്കാർ ചെയ്യുന്നതുപോലെ നെഞ്ചത്തു കൈവെച്ചു നിൽക്കണമെന്ന് പ്രഖ്യാപിച്ച് കേസിൽ കുടുങ്ങുകയും ചെയ്ത ശശി തരൂരാണ് ഈ ലിസ്റ്റിൽ പ്രമുഖൻ. ചൊങ്കൻ സ്ഥാനാർഥിയായി തരൂർ തിരുവനന്തപുരത്ത് അവതരിച്ചത് വെറുതെയല്ല. അമേരിക്കൻ സാമ്രാജ്യത്വത്തിന്റെ ഏറ്റവും നല്ല ആട്ടിടയൻ ജയിച്ചുവരികയും കോൺഗ്രസിന് ഭരണം കിട്ടുകയും ചെയ്താൽ അദ്ദേഹം വിദേശകാര്യ മന്ത്രിയാകുമെന്ന് ഏറക്കുറെ ഉറപ്പാണ്. മൻമോഹൻസിംഗിന്റെ അജണ്ടകൾ നടപ്പാക്കാൻ ഇതിലും പ്രമുഖനായൊരാളെ കിട്ടാനില്ല. ഈ വിഷയത്തിൽ ഹൈക്കമാൻറിന്റെ കണക്കുകൂട്ടൽ കൃത്യമാണ്.

വോട്ടുബാങ്കായ സമുദായങ്ങളുടെ പ്രതിനിധികളെ നിർത്തുന്നതാണ് മറ്റൊരു കീഴ്വഴക്കം. മുസ്‌ലിം ഭൂരിപക്ഷ പ്രദേശങ്ങളിൽ മുസ്‌ലിം സ്ഥാനാർഥി. ക്രിസ്ത്യൻ മേഖലയിൽ സഭയുടെ പ്രാതിനിധ്യമനുസരിച്ച് ആ സഭയിൽ നിന്നുള്ളവർ. ഹിന്ദു വിഭാഗങ്ങളിൽ ജാതിയുടെയും സമുദായത്തിന്റെയും കണക്കുകൾക്കനുസരിച്ച്. നായൻമാരുള്ളിടത്ത് നായർ, ഈഴവരാണെങ്കിൽ ഈഴവ സ്ഥാനാർഥി അങ്ങനെ അങ്ങനെ... ജാതിയും മതവുമൊന്നുമില്ലാത്ത തൊഴിലാളി വർഗ പാർട്ടികളും ഇക്കാര്യം പ്രത്യേകം ശ്രദ്ധിക്കാറുണ്ട് എന്നതാണ് തമാശ. സെബാസ്റ്റ്യൻ പോളും സിന്ധു ജോയിയുമൊക്കെ സി.പി.എം സ്ഥാനാർഥികളായതിൻെറ ഗുട്ടൻസും മറ്റൊന്നല്ല. മുസ്‌ലിം ഭൂരിപക്ഷ പ്രദേശമായ ബീഹാറിലെ ഭഗൽപൂരിൽ നിന്ന് വിജയിച്ച ബി.ജെ.പി എം.പി ഷാനവാസ് ഹുസൈൻ ഇക്കാര്യത്തിൽ ലക്ഷണമൊത്ത ഉദാഹരണമാണ്. ആണ്ടുതോറും നടത്തിവരുന്ന ഈവക സർക്കസുകളെല്ലാം ഈ തെരഞ്ഞെടുപ്പിലും തുടരുന്നുവെന്ന് ചുരുക്കം.

ഇത്തവണത്തെ സ്ഥാനാർഥി പട്ടികയുടെ പ്രത്യേകത, പടുകിളവൻമാരുടെ സാന്നിധ്യമാണ്. ജനാധിപത്യ ഇന്ത്യയിലെ രാഷ്ട്രീയ പാർട്ടികളുടെ നേതാക്കളിൽ മുക്കാലേ മുച്ചൂടും വൃദ്ധൻമാരും അവശരുമാണ്. അതുകൊണ്ടു തന്നെ പ്രമുഖ പാർട്ടികളുടെ സ്ഥാനാർഥികളും വൃദ്ധരായതിൽ കുറ്റം പറയാനാവില്ല. ജനസംഖ്യയുടെ എഴുപതു ശതമാനം വരുന്ന 40 വയസിൽ താഴെയുള്ളവരെ ഭരിക്കാൻ പോകുന്നത് എഴുപതു കഴിഞ്ഞവരാണ്. കോൺഗ്രസ് അധികാരത്തിൽ വന്നാൽ പ്രധാനമന്ത്രിയാവുക ഈയിടെ ബൈപാസ് ശസ്ത്രക്രിയക്കു വിധേയനായ 76കാരൻ മൻമോഹൻസിംഗാണ്. മറിച്ച് ബി.ജെ.പിക്ക് അധികാരം കിട്ടിയാൽ 81കാരനായ അദ്വാനിയായിരിക്കും പ്രധാനമന്ത്രി. ഇനി മൂന്നാംമുന്നണിയെന്ന അദ്ഭുതം അധികാരത്തിലെത്തിയാലും പ്രധാനമന്ത്രി പൂതിയുമായി നടക്കുന്നവരൊക്കെ അറുപതു കഴിഞ്ഞവരാണ്. മൻമോഹൻസിംഗ് മന്ത്രിസഭയുടെ ശരാശരി പ്രായം തന്നെ 66 വയസാണ്. രോഗശയ്യയിൽ കിടക്കുന്ന പഴയ സിംഹം ജോർജ് ഫെർണാണ്ടസ് വീണ്ടും മൽസരിക്കാനൊരുങ്ങുന്നതാണ് എടുത്തു പറയേണ്ടത്. നേരെചൊവ്വെ എഴുന്നേറ്റുനിൽക്കാൻ ശേഷിയില്ലാത്തതുകൊണ്ട് താങ്കൾ മാറിനിൽക്കണമെന്ന് അദ്ദേഹത്തിന്റെ പാർട്ടിയുടെ നേതാവ് ശരത്യാദവ് മാന്യമായി അഭ്യർഥിച്ചപ്പോൾ അപ്പൂതി മനസിലിരിക്കട്ടെയെന്നായിരുന്നു ഫെർണാണ്ടസിന്റെ മറുപടി. ഇനിയുമൊരങ്കത്തിന് ബാല്യമുണ്ടെന്ന് പ്രഖ്യാപിച്ച് ബീഹാറിലെ മുസഫർപൂരിൽ നിന്ന് സ്വതന്ത്രനായി മൽസരിക്കാനിരിക്കുകയാണ് ഫെർണാണ്ടസ്. ജരാനരകൾ ബാധിച്ച രാഷ്ട്രീയ നേതാക്കളാവും ഇത്തവണയും രാജ്യം ഭരിക്കുകയെന്ന് ചുരുക്കം. ■